## തൊഴിലാളിക്ക് കാരണം– കാണിക്കൽ നോട്ടീസ് നല്കിയ ഉദ്യോഗസ്ഥൻ ഗാർഹികാന്വേഷണത്തിൽ പ്രസന്റിങ് ഓഫീസർ ആകുന്നതിൽ നിയമതടസ്സമില്ല

### മദ്രാസ് ഹൈക്കോടതി

W.P. No. 815/2017 Dt. 25.1.2021

എൽജി എക്വിപ്മെന്റ്സ് ലിമിറ്റഡ്
x
ലേബർ കോർട്ട്

തൊഴിലാളിയുടെ ഭാഗത്ത് പെരുമാറ്റദൂഷ്യമുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട മേനേജ്മെന്റ് തൊഴിലാളിക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും മറുപടി തൃപ്തികരമല്ലെന്ന് വിലയിരുത്തിയ മേനേജ്മെന്റ് തൊഴിലാളിയെ സസ്പെന്റ് ചെയ്യുകയും ഗാർഹികാന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. ഗാർഹികാന്വേഷണത്തിൽ പ്രസന്റിങ് ഓഫീസറായി ഹാജരായത് കുറ്റാരോപിതന് കാരണം-കാണിക്കൽ നോട്ടീസ് നല്കിയ ഉദ്യോഗസ്ഥൻ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ഒപ്പുള്ള വിവിധ രേഖകളാണ് തെളിവായി ഹാജരാക്കപ്പെട്ടത്. ഗാർഹികാന്വേഷണത്തിൽ പങ്കെടുത്ത തൊഴിലാളിയോട് മിനുട്ട്സിൽ ഒപ്പിടാൻ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടപ്പോൾ തന്നെ കെണിയിൽപ്പെടുത്താൻ ശ്രമിക്കേണ്ട എന്ന് പറഞ്ഞ് ഒപ്പിടാൻ വിസമ്മതിച്ചു. അതിനു ശേഷം മിനുട്ട്സിന്റെ പകർപ്പ് അയാൾ ആവശ്യപ്പെട്ടപ്പോൾ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ അത് നിരസിക്കുകയാണുണ്ടായത്. പിന്നീട് തൊഴിലാളി ഗാർഹികാന്വേഷണത്തിൽ പങ്കെടുത്തില്ല. തൊഴിലാളിയുടെ അഭാവത്തിൽ അന്വേഷണം പൂർത്തിയാക്കിയ ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ അയാൾ ലേബർ കോടതിയിൽ പരാതി നല്കി. കാരണം-കാണിക്കൽ നോട്ടീസ് നല്കിയ ഉദ്യോഗസ്ഥൻ തന്നെ പ്രസന്റിങ് ഓഫീസറായതും ഗാർഹികാന്വേഷണത്തിന്റെ മിനുട്ട്സിന്റെ പകർപ്പ് നല്കാതിരുന്നതും രേഖകളുടെ പകർപ്പ് നല്കാതിരുന്നതും സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് തൊഴിലാളി ആരോപിച്ചു. തൊഴിലാളിയുടെ ആരോപണങ്ങൾ ശരിയാണെന്ന് വിലയിരുത്തിയ ലേബർ കോടതി ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിക്കുകയും മേനേജ്മെന്റ് കൂടുതൽ തെളിവ് നല്കാത്തതിനാൽ തൊഴിലാളിയെ പിരിച്ചുവിട്ട നടപടി ലേബർ കോടതി റദ്ദാക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കാരണം-കാണിക്കൽ നോട്ടീസ് നല്കിയ ഉദ്യോഗസ്ഥൻ പ്രസന്റിങ് ഓഫീസറായത് നിയമവിരുദ്ധമല്ലെന്നും രേഖകളുടെ പകർപ്പ് തൊഴിലാളിക്ക് നല്കിയിട്ടുണ്ടെന്നും മിനുട്ട്സിൽ തൊഴിലാളി ഒപ്പിടാൻ വിസമ്മതിച്ചതിനാലാണ് അതിന്റെ പകർപ്പ് നല്കാതിരുന്നതെന്നും മേനേജ്മെന്റ് ഹൈക്കോടതിയിൽ ബോധിപ്പിച്ചു. പ്രോസിക്യൂട്ടർ വിധികർത്താവാകരുതെന്നു മാത്രമാണ് സ്വാഭാവിക നീതി ആവശ്യപ്പെടുന്നത്. പ്രോസിക്യൂട്ടർ പരാതിക്കാരനു വേണ്ടി വാദിക്കുന്നതിലോ തെളിവ് നല്കുന്നതിലോ നിയമതടസ്സമില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. രേഖകളിൽ ഒപ്പിട്ട ഉദ്യോഗസ്ഥൻ അത് ഗാർഹികാന്വേഷണത്തിൽ ഹാജരാക്കുന്നത് ഉചിതമായ നടപടി മാത്രമാണെന്നും ഹൈക്കോടതി നിരീക്ഷിച്ചു. ഗാർഹികാന്വേഷണത്തിൽ ഭാഗഭാക്കാകാൻ വിസമ്മതിച്ച് അതിൽ നിന്ന് വിട്ടുനിന്നതിനു ശേഷം സ്വാഭാവിക നീതി നിഷേധിക്കപ്പെട്ടുവെന്ന് പരാതിപ്പെടാൻ തൊഴിലാളിക്ക് അവകാശമില്ലെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. കാരണം-കാണിക്കൽ നോട്ടീസ് നല്കിയ ഉദ്യോഗസ്ഥൻ പ്രസന്റിങ് ഓഫീസറാകുന്നതിൽ നിയമതടസ്സമില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ ഉത്തരവുകൾ റദ്ദാക്കുകയും ഗാർഹികാന്വേഷണം സാധുവാണെന്ന് പ്രഖ്യാപിക്കുകയും നിയമാനുസൃതം പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ച് കേസ് ലേബർ കോടതിയിലേക്ക് തിരിച്ചയക്കുകയും ചെയ്തു.